## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.589** **05.06.2018-ൽ മറുപടിയ്ക്ക്**

### കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ പെൻഷൻ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിലവിലുള്ള ഇ പി എസ് -95 പ്രകാരമുള്ള പെൻഷന്റെ വിശദവിവരങ്ങൾ നൽകാമോ; | (എ) | 01.09.2014 ന് മുൻപ് വിരമിക്കുകയും ഉയർന്ന പെൻഷന് ഓപ്ഷൻ നൽകുകയും ബഹു.ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി നേടിയെടുക്കുകയും ചെയ്ത ജീവനക്കാർക്ക് അവസാനത്തെ 12 മാസത്തെ പ്രീ റിവൈസ്ഡ് വേതനത്തിന് ആനുപതികമായി ഉയർന്ന നിരക്കിൽ പെൻഷൻ ലഭിച്ചു വരുന്നുണ്ട്. 01/09/2014 ന് മുൻപ് വിരമിച്ചവർക്ക് ഉയർന്ന പെൻഷൻ അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ ഉത്തരവ് നിലവിലുണ്ടെങ്കിൽ കൂടി ബഹു. ഹൈക്കോടതിയിലെ കേസിൽ കക്ഷി ചേരാത്ത ജീവനക്കാർക്ക് നാമമാത്രമായ പെൻഷൻ മാത്രമാണ് ലഭിച്ചു വരുന്നത് . കൂടാതെ, 01.09.2014 ന് ശേഷം വിരമിച്ചവർക്ക് അവസാനത്തെ 60 മാസത്തെ വേതനത്തിന് ആനുപതികമായി ഉയർന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച ഹർജികൾ കോടതിയിൽ നിലനിൽക്കുന്നുണ്ട്. കോടതിവിധി അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. 01.09.2014 ന് ശേഷം സർവ്വീസിൽ പ്രവേശിച്ചതും 15000/- രൂപയിൽ കൂടുതൽ വേതനം ഉള്ളവരും ആയ ജീവനക്കാർക്ക് ഇ.പി.എസ് 95 പദ്ധതിയിൽ അംഗങ്ങളാവാൻ ഇ.പി.എഫ് നിയമം അനുവദിക്കുന്നില്ല. |
| (ബി) | കൂടുതൽ മെച്ചപ്പെട്ട പെൻഷൻ സംവിധാനം നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ബി) | ഇപ്പോൾ ആലോചനയിലില്ല. |

സെക്ഷൻ ഓഫീസർ